**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3129** **11-03-2025 - ൽ മറുപടിയ്ക്ക്**

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊടുങ്ങല്ലൂർ മണ്ഡലത്തിൽ നിർമ്മാണ അനുമതിയ്ക്കായി നടപടികൾ ആരംഭിച്ചിട്ടുള്ള പാറക്കുട്ടം പാലം, പായുംഉരുത്ത് പാലം, പുല്ലൂറ്റ് പാലം എന്നിവ ഓരോന്നിനും എത്ര രൂപ വീതം അനുവദിച്ചുവെന്നും പ്രസ്തുത പാലങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ? | (എ) | 1. പാറക്കുട്ടം പാലം<br><br>തൃശ്ശൂർ ജില്ലയിലെ ചാലക്കുടി - കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പറയൻ തോടിനു കുറുകെ നിർമ്മിക്കുന്ന പാറക്കുട്ടം പാലം പ്രവൃത്തിക്ക് 10/07/2017 തീയതിയിലെ G.O.(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 25 കോടി രൂപയ്ക്കു തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 05.08.2020 തീയതിയിലെ ഉത്തരവ് പ്രകാരം 35.15 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. അതിർത്തി കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 27.01.2025 തീയതിയിലെ 219/2025/RD നമ്പർ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ അനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>2. പുല്ലൂറ്റ് സമാന്തര പാലം<br><br>കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ലോകമലേശ്വരം, പുല്ലൂറ്റ് വില്ലേജുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കൊടുങ്ങല്ലൂർ കായലിനു കുറുകെ നിർമ്മിക്കുന്ന പുല്ലൂറ്റ് സമാന്തര പാലം പ്രവൃത്തിക്ക് 31.10.2016 തീയതിയിലെ G.O.(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 30 കോടി രൂപയ്ക്കു തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 21.08.2017 തീയതിയിലെ ഉത്തരവ് പ്രകാരം 24.49 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ, സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ, CRZ Clearance ലഭിക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായുള്ള Rapid EIA Study റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തി M/s.Ultra Tech എന്ന ഏജൻസി മുഖേന പുരോഗമിച്ചു വരുന്നു.<br><br>3. കുണ്ടൂർ - കുത്തിയതോട് പാലം/ കുണ്ടൂർ - പായംതുരുത്ത് പാലം<br><br>ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള കുണ്ടൂർ - കുത്തിയതോട് പാലം നിർമ്മാണപ്രവൃത്തിക്ക് 10/07/2017 തീയതിയിലെ G.O.(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 10.77 കോടി രൂപയ്ക്ക 09.11.2018 തീയതിയിലെ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കവേ കുത്തിയതോട് നിവാസികളുടെ എതിർപ്പുമൂലം അതിർത്തി കല്ലുകൾ സ്ഥാപിക്കുവാൻ സാധിക്കാതെ വരികയും 08.01.2024 -ൽ ബഹു.നിയമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.കൊടുങ്ങല്ലൂർ എം.എൽ.എ. - യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ കുഴൂർ പഞ്ചായത്തിന്റെയും കുന്നുകര ഗ്രാമപഞ്ചായത്തിന്റെയും ഭാഗമായ പായിത്തുരുത്തിലേയ്ക്ക് പദ്ധതി മാറ്റുകയാണെങ്കിൽ അത് തുരുത്ത് നിവാസികൾക്ക് കൂടുതൽ ഉപകാരപ്രദമാകുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുണ്ടൂർ - കുത്തിയതോട് പാലം പായിത്തുരുത്തിലേയ്ക്ക് മാറ്റുവാൻ തീരുമാനിച്ചു. 01.03.2025 ലെ സർക്കാർ ഉത്തരവ് നം.308/2025/PWD പ്രകാരം എറണാകുളം ജില്ലയിലെ ചാലക്കുടി നദിയ്ക്ക് കുറുകെയുള്ള കുത്തിയതോട് - കുണ്ടൂർ പാലം പ്രവൃത്തിയുടെ പേര് തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നദിയ്ക്ക് കുറുകെയുള്ള കുണ്ടൂർ - പായിത്തുരുത്ത് പാലം പ്രവൃത്തി എന്നാക്കി മാറ്റിക്കൊണ്ട് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർപ്രവർത്തനങ്ങളായ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ